**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1902** **11-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മഹാമാരി മൂലം ബുദ്ധിമുട്ടുന്നവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് മഹാമാരി മൂലം ബുദ്ധിമുട്ടുകയും ജോലിയും വരുമാനവുമില്ലാതെ കഷ്ടപ്പെടുകയും ചെയ്യുന്ന നാട്ടിലെ സാധാരണക്കാർ, കർഷകർ, തൊഴിലാളികൾ, ചെറുകിട വ്യാപാരികൾ എന്നിവർ വായ്പ തിരിച്ചടക്കാൻ കഴിയാതെ ദുരിതത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മേൽപ്പറഞ്ഞവർക്ക് സമാശ്വാസം പകരുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോവിഡ്-19 രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെയും (MSMEs) അർഹതപ്പെട്ട വായ്പകൾക്കായി വായ്പയുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 – Resolution of Covid-19 related stress of Individual and Small Business, Resolution Framework 2.0 –Resolution of Covid-19 related stress of Micro Small and Medium Enterprises എന്നിവ പ്രകാരം മാർഗ നിർദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. ഇത് അർഹരായ വായ്പക്കാർക്ക് വായ്പകളുടെ റീസ്ട്രക്ച്ചറിംഗ്, റീഷെഡ്യൂളിംഗ്, മൊറട്ടോറിയം എന്നീ സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നു. പ്രസ്തുത മൊറട്ടോറിയം കാലയളവിലെ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന സർക്കാർ റിസർവ്വ് ബാങ്കിനോട് കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, കോവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31.12.2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സംസ്ഥാന ധനകാര്യ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ, എന്നിവയിൽ നിന്നും എടുക്കുന്ന 2 ലക്ഷമോ അതിൽ താഴെയോ ഉള്ള വായ്പകളുടെ പലിശയുടെ 4 ശതമാനം വരെ സംസ്ഥാന സർക്കാർ ആറു മാസത്തേക്ക് വഹിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് മന്ത്രി 30.07.2021 ന് ചട്ടം 300 അനുസരിച്ച് നിയമസഭയിൽ നടത്തിയ പ്രസ്താവനയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്താവനയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | വായ്പ തിരിച്ചടവിന് പലിശരഹിത മൊറൊട്ടോറിയം പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കോവിഡ്-19 രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെയും (MSMEs) അർഹതപ്പെട്ട വായ്പകൾക്കായി വായ്പയുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 – Resolution of Covid-19 related stress of Individual and Small Business, Resolution Framework 2.0 –Resolution of Covid-19 related stress of Micro Small and Medium Enterprises എന്നിവ പ്രകാരം മാർഗ നിർദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. ഇത് അർഹരായ വായ്പക്കാർക്ക് വായ്പകളുടെ റീസ്ട്രക്ച്ചറിംഗ്, റീഷെഡ്യൂളിംഗ്, മൊറട്ടോറിയം എന്നീ സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നു. പ്രസ്തുത മൊറട്ടോറിയം കാലയളവിലെ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന സർക്കാർ റിസർവ്വ് ബാങ്കിനോട് കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, കോവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31.12.2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ, എന്നിവയിൽ നിന്നും എടുക്കുന്ന 2 ലക്ഷമോ അതിൽ താഴെയോ ഉള്ള വായ്പകളുടെ പലിശയുടെ 4 ശതമാനം വരെ സംസ്ഥാന സർക്കാർ ആറു മാസത്തേക്ക് |

| | | | |
|---|---|---|---|
| | | | വഹിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് മന്ത്രി 30.07.2021 ന് ചട്ടം 300 അനുസരിച്ച് നിയമസഭയിൽ നടത്തിയ പ്രസ്താവനയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്താവനയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**പതിനഞ്ചാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

***ചട്ടം 300 അനുസരിച്ച് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 30.07.2021-ന് സഭയിൽ നടത്തിയ പ്രസ്താവന***

കോവിഡ് രണ്ടാംതരംഗത്തെ തുടർന്ന് അനിവാര്യമായി കൈക്കൊള്ളേണ്ടിവന്ന ലോക്ക്ഡൗണും മറ്റു നടപടികളും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ബാധിച്ചിട്ടുണ്ട്. ചെറുകിട വ്യാപാരികൾ, ചെറുകിട വ്യവസായികൾ തുടങ്ങിയവർ പ്രത്യേകിച്ച് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്.

ഘട്ടം ഘട്ടമായി ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ കോവിഡ് വ്യാപന നിരക്ക് വിലയിരുത്തി ലഘൂകരിക്കുന്നുണ്ടെങ്കിലും ചെറുകിടക്കാർക്ക് സാമ്പത്തികാശ്വാസ നടപടികൾ എത്തിക്കേണ്ടതുണ്ടെന്ന് സംസ്ഥാന സർക്കാർ കരുതുന്നു. കോവിഡ് വ്യാപനത്തിന്റെ രണ്ടു ഘട്ടങ്ങളിലും സമാശ്വാസ പാക്കേജുകൾ സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചിരുന്നു. ക്ഷേമപെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുകയും വായ്പകൾക്ക് പലിശയിളവ് നൽകുകയും ചെയ്യുന്ന നടപടികൾ ഇതിന്റെ ഭാഗമായി സ്വീകരിച്ചിരുന്നു.

കോവിഡ് രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ, എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായ **അനുബന്ധ പാക്കേജ് പ്രഖ്യാപിക്കുകയാണ്**.

ഇതിന്റെ ഭാഗമായി കേന്ദ്ര - സംസ്ഥാന ധനകാര്യസ്ഥാപനങ്ങൾ, സംസ്ഥാന ധനകാര്യസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നും എടുക്കുന്ന 2 ലക്ഷമോ അതിൽ താഴെയോ ഉള്ള വായ്പകളുടെ പലിശയുടെ **4 ശതമാനം** വരെ സംസ്ഥാന സർക്കാർ **ആറുമാസത്തേക്ക്** വഹിക്കുന്നതാണ്. **ആകെ 2,000 കോടി രൂപ വലിപ്പമുള്ള** വായ്പാ പദ്ധതിക്കുള്ള പലിശയിളവാണിത് . **ഒരു ലക്ഷം പേർക്ക്** ഇതിന്റെ പ്രയോജനം ഉണ്ടാകണമെന്ന് ലക്ഷ്യമിടുന്നു. ഓഗസ്റ്റ് ഒന്നു മുതൽ എടുക്കുന്ന വായ്പകൾക്ക് ഈ പലിശയിളവ് ബാധകമാക്കാവുന്നതാണ്.

അതിനോടൊപ്പം സർക്കാർ വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടക ജൂലൈ മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലേക്ക് ഒഴിവാക്കുകയാണ്. .

ചെറുകിട വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് (എം.എസ്.എം.ഇ) കെട്ടിടനികുതി ജൂലൈ മുതൽ ഡിസംബർ വരെയുള്ള കാലയളവിലേക്ക്

Ranil S

ഒഴിവാക്കുകയാണ്. ഈ സ്ഥാപനങ്ങൾക്ക് ഈ കാലയളവിൽ ഇലക്ട്രിസിറ്റി ഫിക്സഡ് ചാർജ്ജും സർക്കാർ വാടകയും ഒഴിവാക്കുന്നതാണ്.

**കെ എസ് എഫ് ഇ**

കെ എസ് എഫ് സി കൊവിഡ് കാരണം സാമ്പത്തിക പ്രതിസന്ധിയിലയവർക്ക് ആശ്വാസം നൽകുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കും. 20.1.2021 മുതൽ default ആയ കെ എസ് എഫ് ഇ നൽകിയ എല്ലാ ലോണുകളുടെയും പിഴപലിശ സെപ്തംബർ 30 വരെ ഒഴിവാക്കി നൽകും. ചിട്ടിയുടെ കുടിശ്ശികക്കാർക്ക് കാലാവധി അനുസരിച്ച് സെപ്തംബർ 30 വരെയുള്ള അമ്പതു മുതൽ നൂറു ശതമാനം വരെ പലിശയും പിഴപലിശയും ഒഴിവാക്കി നൽകും. 20.1.2021 മുതൽ default ആയ ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർക്ക് പലിശയും പിഴപലിശയും ഒഴിവാക്കി നൽകും.30.9.2021 വരെ ചിട്ടിപിടിച്ച ചിറ്റാളന്മാർക്ക് ഡിവിഡന്റ് നഷ്ടപ്പെടില്ല. കൊവിഡ് ബാധിച്ച കുടുംബങ്ങൾക്ക് നൽകുന്ന അഞ്ചു ശതമാനം നിരക്കിൽ ഒരു ലക്ഷം രൂപ വരെ നൽകുന്ന ലോണിന്റെ കാലാവധിയും 30.9.2021 വരെ നീട്ടുന്നു.

**കെ എഫ് സി**

കൊവിഡ് പശ്ചാത്തലത്തിൽ വ്യവസായ പുനരുജ്ജീവനത്തിനായി കെ എഫ് സി വഴി മൂന്നു പദ്ധതികൾ പ്രഖ്യാപിക്കുകയാണ് . ജൂലൈയിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് പുറമെയാണിത് .

**1. സ്റ്റാർട്ടപ്പ് കേരള പദ്ധതി.**

ഒരു കോടി രൂപ വരെ കോളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ വായ്പ അനുവദിക്കുന്ന 'സ്റ്റാർട്ടപ്പ് കേരള' വായ്പാപദ്ധതി .ഇതിനായി കെഎഫ്സി 50 കോടി രൂപ മാറ്റി വയ്ക്കും.

**2. വ്യവസായ എസ്റ്റേറ്റിലെ സംരംഭങ്ങൾക്കുള്ള ഉള്ള പ്രത്യേക വായ്പാപദ്ധതി.**

സംസ്ഥാനത്തെ വിവിധ വ്യവസായ എസ്റ്റേറ്റുകളിലെ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്ന പ്രത്യേക വായ്പാപദ്ധതി. 20 കോടി വരെ ഒരു സംരംഭത്തിന് അനുവദിക്കുന്ന ഈ പദ്ധതിയിൽ, 500 കോടി രൂപ മാറ്റി വയ്ക്കും.

**3. മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി രണ്ടാം ഭാഗം.**

Rani NS

നിലവിലെ മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയെ പുനരാവിഷ്കരിക്കും. ഒരു കോടി വരെ 5% പലിശയിൽ വായ്പ നൽകുന്ന ഈ പദ്ധതിയിൽ ഒരു വർഷം 500 സംരംഭം എന്ന കണക്കിൽ, അടുത്ത അഞ്ച് വർഷം ഉണ്ട് 2500 പുതിയ വ്യവസായ യൂണിറ്റുകൾക്ക് വായ്പ അനുവദിക്കും. 50 വയസ്സിൽ താഴെയുള്ള യുവസംരംഭകർക്ക് ആണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. വർഷംതോറും 2000 പുതു സംരംഭകരെ കണ്ടെത്തി അവർക്ക് വേണ്ട പരിശീലനം നൽകി അതിൽ പ്രാപ്തരായവരെ കണ്ടെത്തിയാണ് വായ്പ അനുവദിക്കുക.

നിലവിൽ കോവിഡ്-19ൻറെ രണ്ടാം തരംഗം മൂലം തുടരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, ചെറുകിട വ്യവസായങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം എന്നി മേഖലകളിലുള്ള യൂണിറ്റുകളെ സഹായിക്കുന്നതിനായി **വിവിധ നടപടികൾ കെ എഫ് സി കൈക്കൊണ്ടു വരുന്നു**

**1.ഒരു വർഷത്തെ മൊറട്ടോറിയം**

കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്തു 2021 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ബഡ്ജറ്റിൽ പറഞ്ഞതനുസരിച്ച് ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കും. **മുതൽ തുകക്ക് 01.07.2021 ൽ തുടങ്ങി ഒരു വർഷത്തേക്കാണ് അവധി.** 820 വായ്പകൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

**2. വായ്പകളുടെ പുനഃക്രമീകരണം**

സംരംഭകരുടെ നിലവിലുള്ള വായ്പകൾ റിസർവ് ബാങ്ക് (RBI ) മാർഗനിർദേശങ്ങൾക്കനുസൃതമായി നിഷ്ക്രിയ ആസ്തി ആകാതെ പുനഃക്രമീകരണം ചെയ്തു നൽകുന്നതുമാണ്. ഇതിനായി ചാർജുകളോ അധിക പലിശയോ ഈടാക്കുന്നതല്ല. 3000 ത്തോളം വായ്പകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും.

**3. കെ എഫ് സി സംരംഭങ്ങൾക്ക് 20% അധിക വായ്പ**

കോവിഡിന്റെ രണ്ടാം തരംഗത്തിൽ വീണ്ടും പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്കും സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത് പോലെ 20 ശതമാനം കൂടി അധിക വായ്പ വീണ്ടും

Ravi S

അനുവദിക്കും. അതായത് കഴിഞ്ഞ വർഷം അനുവദിച്ച 20 ശതമാനം ഉൾപ്പടെ 40 ശതമാനം അധിക വായ്പ.

ബാങ്കുകളെപോലെ കേന്ദ്ര സർക്കാരിന്റെ ഗ്യാരന്റി ലഭിക്കാത്തതിനാൽ കെ എഫ് സി സ്വന്തം നിലക്കാണ് ഈ പദ്ധതി രൂപീകരിച്ചത്. **പദ്ധതിയിൽ മുതൽ തിരിച്ചടവിന്നു 24 മാസത്തെ സാവകാശം നൽകും.** എന്നാൽ ഈ കാലയളവിലും പലിശ അടക്കേണ്ടതിനാൽ, വായ്പയിൽ നിന്നും ഇത് തിരിച്ചടക്കുവാനുള്ള സൗകര്യവും ഈ പദ്ധതിയിലുണ്ട്. 400 സംരംഭങ്ങൾക്ക് ഈ അനുകൂലം ലഭിക്കും. **കെ എഫ് സി ഇതിനായി 450 കോടി** രൂപ വകയിരുത്തിയിട്ടുണ്ട്.

**4. കോവിഡ് പ്രതിരോധത്തിൽ ഏർപ്പെട്ടിട്ടുള്ള വ്യവസായങ്ങൾക്കുള്ള സഹായം.**

കോവിഡ് രോഗവ്യാപനം തടയാനും രോഗികൾക്ക് ആശ്വാസം നൽകുവാനും സഹായിക്കുന്ന ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്കായി ഉദാര വ്യവസ്ഥയിൽ **പദ്ധതി ചിലവിന്റെ 90 ശതമാനം വരെ വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.** ആരോഗ്യ പരിപാലന രംഗത്ത് കോവിഡ് പ്രതിരോധത്തിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ മേഖലകൾക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

50 ലക്ഷം വരെയുള്ള വായ്പകൾ മുഖ്യ മന്ത്രിയുടെ സംരംഭകത്വ പദ്ധതിയിൽ ഉൾപ്പെടുത്തി 7% പലിശയിലാണ് നൽകുന്നത്. 5 വർഷമായിരിക്കും വായ്പാ കാലാവധി. കൂടുതൽ തുകയുടെ ലോണുകളിൽ 50 ലക്ഷം വരെ 7 ശതമാനത്തിലും അതിനു മുകളിൽ റേറ്റിംഗ് അടിസ്ഥാനമാക്കിയും ആണ് പലിശ ഈടാക്കുന്നത്. 10 വർഷം വരെ തിരിച്ചടവ് കാലാവധിയുണ്ട്. 50 സംരംഭങ്ങൾക്കായി 100 കോടി രൂപ ഇതിനായി മാറ്റി വെക്കും.

**5.പലിശയിളവ്**

പലിശ നിരക്ക് കുറച്ചു ചെറുകിട വ്യവസായങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം എന്നി വിഭാഗങ്ങൾക്കുള്ള പലിശയിൽ കെ എഫ് സി വൻ ഇളവ് വരുത്തി. കുറഞ്ഞ പലിശ 9.5 ശതമാനത്തിൽ നിന്ന് 8 ശതമാനമായാണ് കുറച്ചത്. ഉയർന്ന പലിശ 12 ശതമാനത്തിൽ നിന്നും 10.5 ശതമാനമായി കുറഞ്ഞു. റേറ്റിംഗ് അടിസ്ഥാനമാക്കിയാണ് പലിശ നിർണയിക്കുന്നത്.



Rani

കുറഞ്ഞ പലിശയുടെ ആനുകൂല്യം 2021 ജൂലൈ 1 മുതൽ എല്ലാ ഇടപാടുകാർക്കും ലഭ്യ മാക്കിയിട്ടുണ്ട്. മാത്രമല്ല കഴിഞ്ഞ വർഷം പോളിസി മാറ്റങ്ങളെ തുടർന്ന് ഈടാക്കിയ അധിക പലിശ ഇടപാടുകാർക്ക് തിരികെ നൽകും.

ഇതിനെല്ലാം പുറമെയാണ് രണ്ടു മാസത്തെ ക്ഷേമ പെൻഷൻ ഓഗസ്റ്റ് മാസം ഒരുമിച്ച് നൽകുന്നത്. ഇതുവഴി 1700  കോടി രൂപ ജനങ്ങളുടെ കൈയിൽ നേരിട്ട് എത്തും.ഇതിനു പുറമേ ഓണത്തിന് അനുവദിക്കുന്ന സ്പെഷ്യൽ ഭക്ഷ്യ കിറ്റിനു 526 കോടി രൂപ ചെലവാക്കും